# MALAYALA MANORAMA

**Kumarakom a model for Responsible Tourism**

**Date :** 7.1.2020 **| Edition : All Kerala | Page :** 13 **| Clip size (cm) : W:** 17 **H:** 14

---

# ടൂറിസമായാൽ ഉത്തരവാദിത്തം വേണം; കുമരകത്തെ കണ്ടുപഠിക്കാം

**സായൂജ്യ സെബാസ്റ്റ്യൻ**



കൊല്ലം ● 100 ശതമാനം ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്ന സംസ്ഥാനത്തെ ആദ്യ വിനോദസഞ്ചാര കേന്ദ്രമായി കുമരകം. പ്രഖ്യാപനം ജൂണിൽ ഉണ്ടാകും. ഉത്തരവാദിത്ത ടൂറിസം പദ്ധതി 2008ൽ ആണ് തേക്കടി, കോവളം, വൈത്തിരി എന്നിവയ്ക്കൊപ്പം കുമരകത്തും നടപ്പാക്കിത്തുടങ്ങിയത്. മറ്റു 3 കേന്ദ്രങ്ങളെയും മറികടന്നാണു കുമരകത്തിന്റെ നേട്ടമെന്ന് സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ കോ-ഓർഡിനേറ്റർ കെ.രൂപേഷ് കുമാർ പറഞ്ഞു.

പാരിസ്ഥിതികമോ സാമൂഹികമോ ആയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കാതെ വിനോദസഞ്ചാരികൾക്കും തദ്ദേശവാസികൾക്കും പരമാവധി പ്രയോജനം ലഭ്യമാക്കുന്ന സമീപനമാണ് ഉത്തരവാദിത്ത ടൂറിസത്തിന്റേത്. തദ്ദേശീയരുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനമാണു ലക്ഷ്യം. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി കുമരകം നിവാസികൾക്കു വർഷം 3.8 കോടി രൂപയുടെ വരുമാനം ലഭിക്കുന്നുണ്ട്.

മേഖലയിലെ മൂവായിരത്തിലധികം കുടുംബങ്ങൾ ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമാണ്.

വിനോദസഞ്ചാരികളോടുള്ള പെരുമാറ്റം അടക്കം അൻപതിലധികം അധികം കാര്യങ്ങൾ വിലയിരുത്തിയാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ നിലവാരം അളക്കുന്നത്.